16-07-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/07/2022.

1. വിദ്യാസമ്പന്നരായ യുവാക്കൾക്ക് കൃഷിവകുപ്പിന്റെ ഗ്രാസ് റൂട്ട് ലെവൽ ഓഫീസുകളിൽ അതായത് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അവസരം ഒരുക്കുന്നു. ഇതിലൂടെ, അവർക്ക് സംസ്ഥാനത്തെ കാർഷിക സാഹചര്യം അടുത്തറിയാനും വിള ആസൂത്രണം, കൃഷി, വിപണനം, വ്യാപനം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നേരിട്ടുള്ള അനുഭവം നേടാനും കഴിയും. കർഷകരുമായും കാർഷിക, അനുബന്ധ മേഖലകളിലെ പ്രവർത്തകരുമായും സംവദിക്കാൻ യുവാക്കൾക്ക് മികച്ച അവസരം നൽകുവാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കൃഷിയിൽ വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റ് ഉള്ളവർക്കും കൃഷി/ഓർഗാനിക് ഫാമിംഗിൽ ഡിപ്ലോമ ഉള്ളവർക്കും ഇന്റേൺഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ട്. 01.08.2022 പ്രകാരം 18-41 വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് www.keralagriculture.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി പദ്ധതിക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറം അനക്സ് 1 പ്രകാരം വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ പൂരിപ്പിച്ച അപേക്ഷാഫോറവും സർട്ടിഫിക്കറ്റുകളും അഭിമുഖ സമയത്ത് സമർപ്പിക്കേണ്ടതാണ്. പ്രോത്സാഹനമായി പ്രതിമാസം 2500 രൂപ വീതം നൽകുന്നതാണ്. ഇന്റേൺഷിപ്പിന്റെ കാലാവധി 180 ദിവസമാണ് (ആറ് മാസം). ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർ സർട്ടിഫിക്കറ്റ് നൽകും.

2. കേരള കർഷക ക്ഷേമനിധി ബോർഡ് അംഗത്വ രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതല ബോധവൽക്കരണ പരിപാടി ഇന്ന് (16.07.2022) രാവിലെ 9 മണിക്ക് നന്മണ്ട എ.യു.പി. സ്കൂളിൽ വച്ച് നടത്തുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശിയുടെ അധ്യക്ഷതയിൽ ചേരുന്ന പരിപാടി വനം വന്യജീവി വകുപ്പ് മന്ത്രി .എ. കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഇതോടൊന്നിച്ചു നടത്തുന്ന സൗജന്യ അംഗത്വ രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ള കർഷകർ നന്മണ്ട കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തിൽ ആരംഭിക്കുന്ന പദ്ധതികളിലേക്കു സീനിയർ റിസർച്ച് ഫെലോയുടെ നാല് താത്കാലിക ഒഴിവുകളിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. മണ്ണാർകാട് പോൾട്രി ഫാമിൽ വിരിയിച്ച 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ നൂറ്റിയിരുപത് രൂപ നിരക്കിൽ ഈ മാസാവസാനം തലയാഴം മൃഗാശുപത്രി വഴി വിതരണം ചെയ്യുന്നതാണെന്ന് തലയാഴം സീനിയർ വെറ്ററിനറി സർജൻ അറിയിയ്ക്കുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി ഈ മാസം ഇരുപതാം തീയതിയ്ക്കുമുൻപായി തലയാഴം മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

5. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ സീഡ് സ്റ്റോറിലുള്ള 18x5.25 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള തടി കൊണ്ടുള്ള പാനലിംഗുകൾ ജൂലൈ മാസം 20-ാം തീയതി 11 മണിക്ക് പരസ്യ ലേലത്തിൽ വിൽപ്പന നടത്തുന്നതായി ഫാമിന്റെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9446662606** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

6. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന **ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** എന്ന കോഴ്സിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം ഈ മാസം 30 ന് മുമ്പായി തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിയ്ക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷകൾ നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം** എന്നിവയിൽ ജൂലൈ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

19-ന് കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം **18 മുതൽ 23 വരെ ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ 6 ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനാർത്ഥികൾക്ക് അർഹമായ ടി.എ.ഡി.എ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ ഇന്ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476 2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം **18 മുതൽ 23 വരെ** (ജൂലൈ **18 മുതൽ 23**) **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734 299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

10. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ **മാസം 22-ന് പോത്ത് വളർത്തൽ, 26-ന് കാട വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**11. ആഫ്രിക്കൻ സ്വൈൻ ഫീവർ - സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പ് നൽകുന്ന അറിയിപ്പ്**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
# FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പന്നികളെ ബാധിയ്ക്കുന്ന മാരകമായ സാംക്രമിക രോഗമാണ് ആഫ്രിക്കൻ സ്വൈൻ ഫീവർ. മനുഷ്യരിലോ, പന്നികളൊഴികെയുള്ള മറ്റു ജന്തുവർഗ്ഗങ്ങളിലോ ഈ രോഗമുണ്ടാകുന്നില്ല. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ബിഹാറിലും രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗബാധ തടയുന്നതിനായി മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ സംസ്ഥാനത്ത് ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും മൃഗസംരക്ഷണ വകുപ്പ് അറിയിക്കുന്നു.

•പന്നികളിൽ രോഗലക്ഷണമോ മരണമോ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണം

•പന്നി ഫാമുകളിൽ ബയോ സെക്യൂരിറ്റി, മാലിന്യനിർമാർജനം എന്നിവ കാര്യക്ഷമമാക്കണം

•കുടപ്പനക്കുന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലെ (SADEC) **0471 2732151** എന്ന ഫോൺ നമ്പരിൽ കർഷകർക്ക് വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം